പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ

02/07/2014 - ൽ മറുപടിയ്ക്ക്

ചോദ്യം നമ്പർ.5689

## വൈപ്പിൻ മണ്ഡലത്തിൽ 2013-2014 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.എസ്.ശർമ്മ | ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) വൈപ്പിൻ മണ്ഡലത്തിൽ 2013-2014 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശം വ്യക്തമാക്കുമോ; | (എ) ജലസേചന വകുപ്പ് 2013 -2014 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശം അനുബന്ധം ആയി ചേർത്തിരിക്കുന്നു.<br>കേരള വാട്ടർ അതോറിറ്റി<br>വൈപ്പിൻ മണ്ഡലത്തിൽ 2013-2014 സാമ്പത്തിക വർഷത്തിൽ ഫിഷറീസ് വകുപ്പിന്റെ ധനസഹായത്തോടു കൂടി എടവനക്കാട് മത്സ്യ ഗ്രാമപഞ്ചായത്തിനുള്ള കുടിവെള്ള വിപുലീകരണ പദ്ധതിയ്ക്ക് 97 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. എടവനക്കാട് പഞ്ചായത്തിലെ കോസ്റ്റൽ ഏരിയയിലെ മത്സ്യ ഗ്രാമങ്ങളിലെ കുടിവെള്ള വിതരണശൃംഖല മെച്ചപ്പെടുത്തുന്നതിനു വേണ്ടിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. |

ജലനിധി വൈപ്പിൻ ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ വരുന്ന നായരമ്പലം, പള്ളിപ്പുറം എന്നീ ഗ്രാമപഞ്ചായത്തുകളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന്റെ ഭാഗമായി 700 കുടുംബങ്ങൾക്ക് സ്റ്റേറ്റ് പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി മഴവെള്ള സംഭരണ പദ്ധതി നടപ്പിലാക്കുന്നതിന് 2013-14 സാമ്പത്തിക വർഷം ഭരണാനുമതി നൽകിയിട്ടുണ്ട്. 2.80 കോടി രൂപയാണ് പദ്ധതിയുടെ ചെലവ് കണക്കാക്കിയിരിക്കുന്നത്. രണ്ട് ഗ്രാമപഞ്ചായത്തുകളിലും നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിച്ചു വരികയാണ്.

(ബി) ഭരണാനുമതി ലഭിച്ചിട്ടും ഇനിയും ആരംഭിക്കാത്ത എത്ര പ്രവൃത്തികൾ ഉണ്ടെന്ന് വ്യക്തമാക്കാമോ?

(ബി) ഒരെണ്ണം. എടവനക്കാട് മത്സ്യ ഗ്രാമപഞ്ചായത്തിനുള്ള കുടിവെള്ള വിപുലീകരണ പദ്ധതി.

(സി)പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള കാലതാമസം എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ?

(സി) ഈ പദ്ധതിയുടെ കരാർ 11/12/2013 ൽ ഉറപ്പിച്ചിട്ടുള്ളതാണ്. കരാർ പ്രകാരം ഈ പ്രവൃത്തി 6 മാസം കൊണ്ട് പൂർത്തീകരിക്കേണ്ടതാണ്. ഈ പ്രവൃത്തിയ്ക്കു വേണ്ടിയുള്ള പൈപ്പുകളുടെ ഫാക്ടറി ടെസ്റ്റ് പൂർത്തിയാക്കിയിട്ടുള്ളതാണ്. പ്രവൃത്തികൾ ഉടനടി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം

## LIST OF WORKS FOR WHICH ADMINISTRATIVE SANCTION ACCORDED DURING FINANCIAL YEAR 2013-14 IN VYPIN CONSTITUENCY

Apl. Qn. No. 5689

| Sl No | Name of Work | Amount (Rs) |
|---|---|---|
| 1 | ASE - Reformation and raising of damaged sunken sea wall from Ch. 2795m to 2842m (47m) between CP Stone 4028 and 4029 at Cherai in Vypin Island | 1500000/- |
| 2 | ASE - Reformation and raising of damaged sea wall from Ch. 11455m to 11505m between CP Stone 4058 and 4059 at Edavanakad in Vypin Island (45m) | 1500000/- |
| 3 | ASE - Reformation and raising of damaged sea wall from Ch. 11400m to 11445m between CP Stone 4057 and 4058 at Edavanakkad in Vypin Island | 1500000/- |
| 4 | RMF - RBDS - Protecting the side of North east end of Moolampilly St. Augustine Church in Kadamakudy Panchayath | 1200000/- |
| 5 | RMF - RBDS - Protecting the west side of Pizhala South Changadam landing in Ward NO. 10 of Kadamakudy Panchayath | 1500000/- |
| 6 | ASE - Reformation and raising of damaged sea wall from Ch. 11093m to 11133m between CP Stone 4057 and 4058 at Edavanakkad in Vypin Island | 1500000/- |
| 7 | ASE - Reformation and raising of damaged sea wall from Ch. 10870m to 10910m between CP Stone 4056 and 4057 at Edavanakkad in Vypin Island | 1500000/- |
| 8 | ASE - Reformation and raising of damaged sunken sea wall from Ch. 3636m to 3666m (40m) between CP Stone 4030 and 4031 near fishing gap at cheral in Vypin Island | 1500000/- |
| 9 | ASE - Reformation and raising of damaged sea wall from Ch. 2940m to 2980m (40m) between CP Stone 4028 and 4029 near Panchayath road at cherai in Vypin Island | 1500000/- |

സെക്ഷൻ ഓഫീസർ

M :Irrigation central circle FAX NO. :04872332465 27 Jun. 2014